മൽസ്യകൃഷിക്ക് അനുയോജ്യമായ നിലപാടുകൾ കൈക്കൊള്ളുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം എന്താണെന്നുള്ളത് ഞാൻ പ്രത്യേകം പരിശോധിക്കാം.

3 (* 89) മാനവീയം പരിപാടിയുടെ പ്രവർത്തന പുരോഗതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച മാനവീയം പരിപാടികളുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പരിപാടിയുടെ പരിധിയിൽ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുമോ; എങ്കിൽ ഏതെല്ലാം ഇനത്തിൽപ്പെട്ടവ എന്ന് വ്യക്തമാക്കുമോ;

(സി) ഈ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഡി) വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട വകുപ്പിന് അനുവദിച്ചിട്ടുള്ള പണം മാനവീയം പദ്ധതിയിലേക്കെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ പരിപാടിയുണ്ടോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് തുക നൽകിയിട്ടുണ്ട്;

(എഫ്) കേരളത്തിലെ എല്ലാ വകുപ്പുകളും മാനവീയം പരിപാടിയിൽ ബന്ധപ്പെടുകയും സാംസ്ക്കാരിക വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്;

(ജി) മാനവീയം പരിപാടിയുമായി ബന്ധപ്പെട്ട് കേരളത്തിന് പുറത്ത് നിന്ന് കലാകാരൻമാരെ കൊണ്ടുവന്നയിനത്തിൽ ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എച്ച്) ഈ പരിപാടികൾ എത്രകാലം നീണ്ടുനിൽക്കും; ഈ പരിപാടിക്കുവേണ്ടി എന്തു തുക മാറ്റിവച്ചിട്ടുണ്ട്;

(ഐ) മാനവീയം പരിപാടികളുടെ നടത്തിപ്പിനായി മാർഗ്ഗരേഖകൾ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജെ) ഈ പരിപാടിയുടെ ഉൽഘാടനം എന്ന് നടത്താനാണ് നിശ്ചയിച്ചിരുന്നത്; അതിന്റെ ഉൽഘാടനം മാറ്റിവച്ചുവോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(കെ) ഈ പരിപാടിക്ക് എല്ലാ വിഭാഗം ജനങ്ങളുടേയും പിൻതുണയും സഹകരണവും നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, (എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതോടൊപ്പം കലാസാംസ്ക്കാരിക രംഗത്ത് ഒരു പുത്തനുണർവുണ്ടാക്കാനും നാടൻ കലകൾ, പ്രാദേശിക കലാരൂപങ്ങൾ എന്നിവയ്ക്ക് പ്രോൽസാഹനം നൽകാനും പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. വിവിധ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും ഏറ്റെടുത്ത് നടത്തുന്ന വികസന പരിപാടികൾക്ക് പ്രത്യേകിച്ചും പാർപ്പിടം, കുടിവെള്ളം, പരിസര ആരോഗ്യം എന്നീ രംഗങ്ങളിൽ ഗതിവേഗം വർദ്ധിപ്പിക്കാനും ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും ആവശ്യമായ. ബോധവൽക്കരണ പ്രചരണ പരിപാടികളും ആവിഷ്കരിക്കുന്നതാണ്.

(ബി) സർക്കാർ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങളും തദ്ദേശ ഭരണസ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതുമായ വികസന പ്രവർത്തനങ്ങൾക്കും ഗതിവേഗം കൂടുകയും ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുകയുമാണ് മാനവീയത്തിന്റെ ലക്ഷ്യം.

(സി) വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയുടെ വിവിധ ധനകാര്യ സ്രോതസ്സുകൾ സന്നദ്ധസേവനവും ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്.

(ഡി) ഇല്ല.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാനവീയം പരിപാടിക്കായി തുകയൊന്നും നൽകിയിട്ടില്ല.

(എഫ്) നൽകിയിട്ടില്ല. എന്നാൽ 1999 നവംബർ 1 മുതൽ മാനവീയം സാംസ്ക്കാരിക മിഷനുമായി 2001 ജനുവരി വരെ സംയുക്തമായി നടത്താൻ കഴിയുന്ന പരിപാടികളുടെ വിശദാംശങ്ങൾ മാനവീയം സാംസ്ക്കാരിക മിഷന് നൽകണമെന്ന് ഒരഭ്യർത്ഥന പുറപ്പെടുവിച്ചിട്ടുണ്ട്.

(ജി) മാനവീയം പരിപാടിയുമായി ബന്ധപ്പെട്ട് ഉസ്താദ് അള്ളരഖയ്ക്കും പാർട്ടിക്കുമായി വിമാനയാത്രാടിക്കറ്റിനത്തിൽ 45,965 രൂപ ചെലവായിട്ടുണ്ട്.

(എച്ച്) 2001 ജനുവരി 26 വരെ നീണ്ടുനിർക്കും. ഒരു കോടിരൂപ മാനവീയം ചെലവുകൾക്കായി വകയിരുത്തിയിട്ടുണ്ട്.

(ഐ) മാനവീയം സാംസ്ക്കാരിക മിഷൻ മാർഗ്ഗനിർദ്ദേശകരേഖ പുറത്തിറക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(ജെ) മാനവീയം പരിപാടികളുടെ തുടക്കം കുറിച്ചുകൊണ്ടുള്ള കേളികൊട്ട് 1999 നവംബർ 1-ന് നടന്നു. ഔപചാരിക ഉദ്ഘാടനം ഡിസംബർ 27 ന് നടത്താനാണ് ഉദ്ദേശിക്കുന്നത്.

(കെ) എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നു.

---

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ : ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടു.

മി. ഡെ. സ്പീക്കർ : ശ്രീ. പി. രാഘവൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. രാഘവൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെ. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. ഡെ. സ്പീക്കർ : 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച് X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നുള്ള പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം അംഗീകരിച്ചിരിക്കുന്നു, ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ, ... ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 17-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.25-ന് പിരിഞ്ഞു.)

അനുബന്ധം -1

16.12.99-ലെ നക്ഷത്രചിഹ്നമിട്ട 3 (*89)-ാം നമ്പർ ചോദ്യം കാണുക

"മാനവീയം"

പുതിയ സഹസ്രാബ്ദത്തിന് വരവേൽപ്പ്

സാംസ്കാരിക മിഷൻ മാർഗ്ഗനിർദ്ദേശക രേഖ

"മാനവീയം"

പുതിയ സഹസ്രാബ്ദത്തിന് വരവേൽപ്പ്

അവസാനിക്കാൻ പോകുന്ന ഒരു നൂറ്റാണ്ടിന്റെ അന്ത്യയാമങ്ങളിലല്ല, ആരംഭിക്കാനിരിക്കുന്ന ഒരു സഹസ്രാബ്ദത്തിന്റെ പടിവാതിൽക്കലാണ് പ്രതീക്ഷാ നിർഭരരായി നാം നിൽക്കുന്നത്. ആയിരം വർഷത്തിലൊരിക്കൽ വന്നു ചേരുന്ന ഒരു സുപ്രഭാതത്തെ കണി കാണാൻ കാത്തിരിക്കുകയാണ് നാം. മൂന്നാം സഹസ്രാബ്ദത്തിന്റെ പ്രാരംഭ ഘട്ടമായ ഇരുപത്തൊന്നാം നൂറ്റാണ്ട്, കാലയളവുകൊണ്ടല്ല, ആശാ വഹമായ സംഭവങ്ങളെക്കൊണ്ടും അനുഭവങ്ങളെക്കൊണ്ടും ഒരു പുത്തൻ കാലഘട്ടത്തിനു നാന്ദി കുറിക്കുമെന്ന് നാം ആശിക്കുന്നു. സംഭവ ബഹുലമായ ഒരു നൂറ്റാണ്ടിനെ യാത്രയയയ്ക്കുന്നതിനോടൊപ്പം മാനവരാശിയുടെ ഭാഗധേയം തിരുത്തിക്കുറിക്കാൻ പോന്ന ഒരു പുതിയ യുഗത്തിനു വരവേൽപ്പു നൽകാൻ കേരളീയ സമൂഹം ഒന്നു ചേർന്നു നടത്തുന്ന തയ്യാറെടുപ്പാണ് "മാനവീയം."

LIBRARY ARCHIVES Kerala Legislative Assembly